**<u>15 -ാം കേരള നിയമസഭ</u>**

**<u>3 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2657</u>** **<u>12-10-2021 - ൽ മറുപടിയ്ക്ക്</u>**

**<u>ആധാര പകർപ്പുകൾ ഡിജിറ്റൈസ് ചെയ്യുന്ന 'അനശ്വര പദ്ധതി'</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ** | | **Shri. V. N. Vasavan**<br>**(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകളിൽ സൂക്ഷിച്ചിരിക്കുന്ന ആധാര പകർപ്പുകൾ ഡിജിറ്റൈസ് ചെയ്യുന്ന 'അനശ്വര പദ്ധതി' ഇപ്പോൾ നിലവിലുണ്ടോ; എല്ലാ ജില്ലകളിലും ആധാര പകർപ്പുകൾ ഡിജിറ്റൈസ് ചെയ്തിട്ടുണ്ടോ; ഏതു വർഷം മുതലാണ് ഓരോ ജില്ലയിലും ഡിജിറ്റൈസേഷൻ പൂർത്തിയാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകളിൽ സൂക്ഷിച്ചിരിക്കുന്ന ആധാര പകർപ്പുകൾ ഡിജിറ്റൈസ് ചെയ്യുന്ന 'അനശ്വര പദ്ധതി' 2019-20 -ലെ ബജറ്റിലാണ് പ്രഖ്യാപിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതി ഇപ്പോഴും നിലവിലുണ്ട്. എല്ലാ ജില്ലകളിലും ആധാര പകർപ്പുകൾ ഡിജിറ്റൈസ് ചെയ്തിട്ടില്ല. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ഡിജിറ്റൈസ് ചെയ്തിട്ടില്ല. പത്തനംതിട്ട ജില്ലയിലെ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലെയും രജിസ്റ്റർ വാല്യങ്ങളുടെ സ്കാനിംഗ് ജോലികൾ പൂർത്തിയായിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിലെ സബ് രജിസ്ട്രാർ ഓഫീസുകളിലെ 2005 മുതൽ 2018 വരെയുള്ള കാലയളവിലെ രജിസ്റ്റർ വാല്യങ്ങളുടെ ഡിജിറ്റൈസേഷൻ ജോലികൾ പൂർത്തിയാക്കുകയും 2005 ന് മുൻപുള്ള രജിസ്റ്റർ വാല്യങ്ങൾ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയുമാണ്. |
| (ബി) | ആധാര പകർപ്പുകൾ ഡിജിറ്റൈസ് ചെയ്യുന്നത് വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്? | (ബി) | ആധാര പകർപ്പുകളുടെ ഡിജിറ്റൈസേഷൻ പൂർത്തിയാകുന്നതോടു കൂടി റെക്കോർഡുകളുടെ സംരക്ഷണത്തോടൊപ്പം തന്നെ ആധാരങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഓൺലൈനായി അപേക്ഷകർക്ക് ലഭ്യമാക്കുവാൻ സാധിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ